2012-13

ആധാര രജിസ്ട്രേഷനുകൾക്ക് ഇ-സ്റ്റാമ്പിംഗ് പദ്ധതി ഒഴികെയുള്ള പദ്ധതികൾ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു. മറ്റ് ജില്ലകളിൽ പദ്ധതിക്കായുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇ-സ്റ്റാമ്പിംഗ് പദ്ധതിക്കായുള്ള നിയമ ഭേദഗതി ഓർഡിനൻസ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

2013-14

തിരുവനന്തപുരം ജില്ലയിലെ 10 സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധി പുനർനിർണ്ണയിച്ചുകൊണ്ട് ഏത് ആധാരവും ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാവുന്ന സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുമെന്നുള്ള പ്രഖ്യാപനം നെറ്റ് വർക്കിംഗ് പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുന്നതാണ്. തിരുവിതാംകൂർ-കൊച്ചി സാഹിത്യ-ശാസ്ത്രീയ-ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ നിയമവും ഇൻഡ്യൻ സൊസൈറ്റി രജിസ്ട്രേഷൻ നിയമവും ഏകീകരിച്ചുകൊണ്ട് കേരളത്തിൽ പുതിയ സൊസൈറ്റി രജിസ്ട്രേഷൻ നിയമം നടപ്പിലാക്കുമെന്നുള്ള പ്രഖ്യാപനം നടപ്പിലായിട്ടില്ല. ഏകീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

2014-2015

(1) എടവണ്ണ ആസ്ഥാനമാക്കി സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുമെന്നുള്ള പ്രഖ്യാപനം നടപ്പിലായിട്ടില്ല. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു,

(2) രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിനുവേണ്ടി കൂത്താട്ടുകുളത്ത് ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് 2015-16 സാമ്പത്തിക വർഷം രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

നിത്യോപയോഗസാധന വിലയുടെ നിയന്ത്രണം

269 (1354) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില അനുദിനം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) [illegible] [illegible] [illegible] ിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ വിപണി ഇടപെടലിനായി പ്രതിവർഷം എത്ര തുക നീക്കിവെച്ചു; [illegible] പ്രതിവർഷം എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ?

ഉത്തരം

(എ) വില [illegible] [illegible] ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ [illegible] സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, [illegible] [illegible], കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ [illegible] നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഉല്പാദക സംസ്ഥാനങ്ങളിൽ ഉത്പാദനം കുറഞ്ഞതുമൂലം മുളകിനും പയറുവർഗ്ഗങ്ങളായ [illegible] [illegible], ഉഴുന്ന്, തുവര, കടല എന്നിവയുടെ വിലകൾ വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുമൂലം അവശ്യസാധനങ്ങളുടെ വില [illegible] ഒരു പരിധിവരെ പിടിച്ചു നിർത്താൻ സാധിക്കുന്നുണ്ട്.

(ബി) വിലക്കയറ്റം [illegible] വിലവർദ്ധനവ് പിടിച്ചു നിർത്തുന്നതിനും അതുവഴി ഉപഭോക്താക്കൾക്ക് ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണി ഇടപെടൽ [illegible] കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇതിനോടൊപ്പം താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(1) അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ ഔട്ട്‌ലെറ്റുകൾ വഴി വിറ്റുവരുന്നു.

(2) അരിയും, പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ മാർക്കറ്റ് വിലയെക്കാൾ കുറഞ്ഞ ചെലവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു.

(3) [illegible] ഉപഭോക്താക്കൾക്ക് അവശ്യ സാധനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് അവയുടെ വില്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുന്നതു വഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത [illegible] ഒഴിവാക്കുകയും ചെയ്യു.

(4) കൂടാതെ പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ അനുവദനീയമായ അളവിൽ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി സൂപ്പർ മാർക്കറ്റ് തലത്തിലും ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.

(5) ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പന ശാലകൾ റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.

(6) പൊതു വിപണിയിലേതിനേക്കാൾ 20% മുതൽ 30% വരെ വിലക്കുറവിൽ തേയില, കാപ്പിപൊടി, കറി പൗഡറുകൾ, കായം, വാളൻപുളി. ഏലം, അപ്പംപൊടി, പുട്ടുപൊടി, മഞ്ഞൾപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തി വരുന്നു.

(7) ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് സ്റ്റോക്ക് എത്തിച്ച് വിലവർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു.*

പൊതുവിതരണത്തിലെ ക്രമക്കേട്

270 (1355) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണത്തിന് നൽകുന്ന ഭക്ഷ്യ ധാന്യങ്ങൾ അവ വാങ്ങാത്ത ഉപഭോക്താക്കളുടെ പേരിൽ നൽകിയതായി കാണിച്ച് അവ മുഴുവനും മറിച്ചു വിൽക്കുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വിൽപന നിയന്ത്രിക്കാൻ സ്വീകരിക്കാവുന്ന മുൻകരുതൽ നടപടികളെക്കുറിച്ച് വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.